**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6544.** **03.04.2018 ൽ മറുപടിയ്ക്ക്**

**2018-19 ലെ അബ്കാരി നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. ടി. പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | 2018-19 ലെ അബ്കാരി നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | 15/03/2018 തീയതിയിലെ ജി.ഒ(എം.എസ്) 21/2018/നി.വ. പ്രകാരം 2018-19 വർഷത്തെ മദ്യനയം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | വിനോദസഞ്ചാര മേഖലകളിലെ ബാറുകളുടെ പ്രവർത്തനസമയം വർദ്ധിപ്പിച്ചിട്ടുണ്ടോ; | (ബി) | വർദ്ധിപ്പിച്ചിട്ടുണ്ട്. വിനോദസഞ്ചാര മേഖലയിൽ ബാറുകളുടെ പ്രവർത്തന സമയം രാവിലെ 10 മണിമുതൽ രാത്രി 12 മണിവരെയായി നിശ്ചയിച്ചിട്ടുണ്ട്. |
| (സി) | മദ്യം പ്ലാസ്റ്റിക് കപ്പികളിൽ വിൽക്കുന്നതിന് നിയന്ത്രണം കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | പ്ലാസ്റ്റിക് കപ്പികളിലെ മദ്യവിതരണം ഘട്ടം ഘട്ടമായി നിറുത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | ഇപ്പോൾ പ്രഖ്യാപിച്ച മദ്യനയം മദ്യവർജ്ജനമെന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് വിരുദ്ധമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

സംഗ്രഹം

നികുതി വകുപ്പ്- എക്സൈസ് – 2018-19 വർഷത്തെ അബ്കാരി നയം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി (ജി) വകുപ്പ്

**ജി.ഒ.(എം.എസ്) നം.21/2018/നി.വ** **തീയതി, തിരുവനന്തപുരം, 15.03.2018**

പരാമർശം:- 1. ജി.ഒ(എം.എസ്) 43/2017/നി.വ. തീയതി, 13/06/2017.

2. ജി.ഒ(എം.എസ്) 55/2017/നി.വ. തീയതി, 29/06/2017.

---

## ഉത്തരവ്

സർക്കാർ 2017-18 വർഷത്തെ മദ്യനയം പ്രഖ്യാപിച്ച് പുറപ്പെടുവിച്ച 13/06/2017 ലെ ജി.ഒ.(എം.എസ്) 43/2017/നി.വ. പ്രകാരം മദ്യഉപഭോഗം കുറയ്ക്കുന്നതിനും, അനധികൃത മയക്ക മരുന്ന് ഉത്പന്നങ്ങളുടെ ഉപയോഗം തടയുന്നതിനും നിരവധി നിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള സമൂഹത്തിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികളുടേയും യുവജനങ്ങളുടേയും ഇടയിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും നിരോധിത ലഹരി മരുന്നുകളുടെ ഉപഭോഗവും, ലഘൂകരിക്കുന്നതിന് സർക്കാർ മുൻ വർഷത്തെ മദ്യനയത്തിൽ പ്രഖ്യാപിച്ച് നടപ്പിലാക്കിയ കർശന നിബന്ധനകളിലൂടെയും, കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ (വിമുക്തി) രൂപീകരിച്ച് നടപ്പിലാക്കിയ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തുന്നു. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സമൂഹത്തിലെ മുഴുവൻ ജനവിഭാഗങ്ങളുടേയും കൂട്ടായ യത്നത്തിലൂടെ മദ്യവർജ്ജനം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

2. മേല്പറഞ്ഞ വസ്തുതകൾ സർക്കാർ വിശദമായി പരിശോധിച്ചു. 2017-18 ലെ മദ്യനയം കേരള സമൂഹം സ്വീകരിച്ചിട്ടുള്ളതിനാൽ പ്രസ്തുത മദ്യനയം തുടരേണ്ടത് സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിന് ഗുണകരമാണെന്ന് സർക്കാർ കരുതുന്നു. അതിനാൽ 13/06/2017 ലെ ജി.ഒ(എം.എസ്) 43/2017/നി.വ. ഉത്തരവ് പ്രകാരമുള്ള മദ്യനയത്തിൽ ചുവടെ പറയുന്ന വ്യവസ്ഥകൾക്കൂടി ഉൾപ്പെടുത്തി 2018-19 – ലെ മദ്യനയം പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(1) പരിസരമലിനീകരണം തടയുന്നതിനായി പ്ലാസ്റ്റിക്ക് കപ്പികളിലെ മദ്യവിതരണം ഘട്ടംഘട്ടമായി നിറുത്തലാക്കുന്നതാണ്.

(2) ത്രീ സ്റ്റാറിനു താഴെയുമുള്ള ഹോട്ടലുകളുടെ പാർട്ടനർഷിപ്പിലെ മാറ്റം, ബോർഡ് പുനസംഘടന, ലൈസൻസിയുടെ പേരുമാറ്റം എന്നീ ഘട്ടങ്ങളിൽ ഈടാക്കുന്ന ഫീസ് ത്രീ സ്റ്റാർ ഹോട്ടലുകളുടെ കാര്യത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്കുമായി ഏകീകരിക്കുന്നതാണ്.

(3) വിനോദ സഞ്ചാര മേഖലയിൽ ബാറുകളുടെ പ്രവർത്തന സമയം രാവിലെ 10 മണിമുതൽ രാത്രി 12 മണിവരെയായി നിജപ്പെടുത്തുന്നതാണ്.

(4) ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന് (IMFL) പുറമെ വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ (FMFL) വില്പനയും നിലവിലുള്ള എഫ്.എൽ-1 വില്പനശാലകൾ മുഖേന നടത്താവുന്നതാണ്.

(5) കള്ളുഷാപ്പുകൾ റ്റോഡി ബോർഡ് നിലവിൽ വരുന്നതുവരെയോ, മൂന്നു വർഷം വരെയോ ഇതിൽ ഏതാണോ ആദ്യം അതുവരെ വില്പന നടത്തുന്നതാണ്.

3. ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എക്സൈസ് കമ്മീഷണർ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ എന്നിവർ അടിയന്തര നടപടികളെടുക്കേണ്ടതും, ചട്ട ഭേദഗതിക്കുള്ള കരട് വിജ്ഞാപനങ്ങൾ അടിയന്തരമായി സമർപ്പിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ടോം ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ്.
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
പൊതുഭരണ (എസ്.സി) വകുപ്പിന്.
പൊതുജനസമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ